# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4541 21/03/2018-ൽ മറുപടിക്ക്

## ഫാമിലി വെൽഫയർ സബ് സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | കോതമംഗലം മണ്ഡലത്തിൽ അൻപതിനായിരത്തോളം ജനസംഖ്യയുള്ള നെല്ലികുഴി ഗ്രാമപഞ്ചായത്തിൽ ഫാമിലി വെൽഫയർ സബ് സെന്റർ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | എ) യും ബി) യും സി) യും | നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ഫാമിലി വെൽഫെയർ സബ്സെന്റർ തുടങ്ങുന്നതിനായി ഒരു പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് പുതുതായി സബ് സെന്ററുകൾ തുടങ്ങണമെന്നാവശ്യപ്പെട്ടുകൊണ്ട് ധാരാളം അപേക്ഷകൾ ലഭിച്ച സാഹചര്യത്തിലും ആയത് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമായതിനാലും പ്രസ്തുത സബ് സെന്ററുകൾ ആവശ്യപ്പെട്ടിരിക്കുന്ന പ്രദേശത്തെ ജനസംഖ്യ പ്രദേശത്തെ ജനങ്ങൾക്ക് ലഭ്യമായ ചികിത്സാകേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്രത്തിന്റെ കൂടി സാമ്പത്തിക സഹായത്തോടെ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ജനസംഖ്യാനുപാതികമായി നിരവധി നടപടികളിലൂടെ മാത്രമേ സംസ്ഥാനത്ത് പുതിയ സബ് സെന്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ. |
| ബി) | എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | | |
| സി) | ഫാമിലി വെൽഫയർ സബ് സെന്റർ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ